ACCESS NO:1512

മുസ്ലിംലോ വാർത്തകൾ

4-1-63

മലയാളിപണ്ഡിതന്നു ലിബിയയിൽപ്രൊ:സ്ഥാനം

ടിപ്പോളി: കേരളത്തിലെ ഒരു സുപ്രസിദ്ധ പണ്ഡിതനും തൃശ്ശൂർ ജില്ലയിലെ മരുപ്പംകോട്(കൊടുങ്ങല്ലൂർ) നിവാസിയുമായ ജ: അൽഹാജ് സയ്യിദ് അബ്ദുറഹിമാൻ ഇസ്മായിൽകോയ തങ്ങൾ കൈറോ സർവകലാശാലയിൽ പഠനം പൂർത്തിയാക്കിയശേഷം മറ്റൊരു മുസ്ലിം രാഷ്ട്രമായ ലിബിയയിലെ അൽജാമിയത്തുസ്സംഎസിയ എന്ന രാജകീയ കോളജിൽ അറബി പ്രഫസ്സറായി ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

ലിബിയയിലെ ഇദ്രീസ് രാജാവാണ് അദ്ദേഹത്തെ ക്ഷണിച്ചിട്ടുള്ളത്.

നാല്പത്തൊന്ന് വയസ്സ് മാത്രം പ്രായമുള്ള ഇസ്മായിൽകോയതങ്ങൾ വേലൂരിലെ ബാക്കിയാത്തുസ്സാലിഹാത്ത് അറബിക്കോളേജ്, മദ്രസത്തുൽ ദേവ്ബന്ദ് എന്നിവിടങ്ങളിൽ പഠിച്ചിട്ടുണ്ട്. തലക്കടത്തൂർ ജുമുഅത്ത് പള്ളി മദ്രസിലെ മുദരിസ്സായി അദ്ദേഹം കുറച്ചുകാലം ജോലി നോക്കിയിരുന്നു.

അന്തരിച്ച കൊല്ലത്തുപ്പുറമാണ് ജ. തങ്ങൾ ഇജിപ്തിലേക്ക് പോയത്. തന്റെ പഠനകാലത്തു വിദ്യാലയത്തിലേക്കുള്ള "കിള്ള"യുമായി മക്കയിലേക്ക് പുറപ്പെട്ട ഇജിപ്ഷ്യൻ സംഘത്തിന്റെ തലവൻ ഇദ്ദേഹമായിരുന്നു.

ബ്രൂണായ് മലയേഷ്യയിൽ ചേരും

സിങ്കപ്പൂർ: 1963 ആഗസ്തിൽ രൂപീകരിക്കപ്പെടുന്ന മലയേഷ്യാ ഫെഡറേഷനിൽ പേരൻ ബ്രൂണായിലെ ഒപ്പിട്ട ചില കാര്യങ്ങളെ പറ്റി കൂടുതൽ വിവരം അറിയുന്നതിനായി മലയൻ പ്രധാനമന്ത്രി ടുങ്കുഅബ്ദുറഹ്മാനുമായി സംസാരിക്കാൻ [illegible] അദ്ദേഹം കാലാലംപൂരിലെത്തുന്നതാണ്.

ജനുവരി മധ്യമാകുമ്പോഴേക്കും ഒരു തീരുമാനമെടുക്കണമെന്നുള്ള ഗവർമെണ്ട് കമ്മിറ്റിയുടെ അന്ത്യശാസനം അനുസരിച്ചാണ് സുൽത്താൻ മലയേഷ്യയിൽ ചേരാനുള്ള തീരുമാനമെടുത്തത്. "ജനങ്ങളുടെ വിശാലമായ താല്പര്യ"ത്തെ മുൻനിർത്തി തന്റെ മുഴുവൻ പ്രജകളുടെയും അഭ്യുന്നതി സുൽത്താൻ സംരക്ഷിക്കുകയാണ്.

ബ്രൂണായിയിലെ വിപ്ലവകാരികൾക്കെതിരായ പ്രവർത്തനം അവസാനിച്ചുവെന്നു ഉദ്യോഗസ്ഥന്മാർ പറഞ്ഞു.

സുഡാനും ഇന്ത്യയുടെ ആശംസ

ന്യൂഡൽഹി: സുഡാന്റെ ദേശീയദിനത്തിൽ ആ രാജ്യത്തെ അഭിവാദ്യം ചെയ്തുകൊണ്ട് രാഷ്ട്ര [illegible] എസ്. രാധാകൃഷ്ണൻ സന്ദേശമയച്ചുകൊടുത്തിരിക്കുന്നു.

ബുർ[illegible]

www.mappilaheritagelibrary.com

CENTRE FOR HADHRAMI & DIASPORA STUDIES

Mappila Heritage Library